(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) പോലീസ് സ്റ്റേഷനിലെ വാഹനം ഓദ്യോഗിക ആവശ്യത്തിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഉപയോഗിക്കാം.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

(എച്ച്) ഇക്കാര്യം പരിഗണനയിലില്ല.

(ഐ) എറണാകുളം റേഞ്ചിൽ എ.എസ്.ഐ.-മാരായി പ്രൊമോഷൻ ലഭിക്കുന്നതിന് അർഹത നേടിയ 116 ഹെഡ്കോൺസ്റ്റബിൾമാരുടെ സെലക്ട് ലിസ്റ്റ് ഡി.ജി.പി. അംഗീകരിക്കുകയും പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എ..എസ്.ഐ.-മാരായി പ്രൊമോഷൻ നൽകി വരികയുമാണ്.

പോലീസ് സേനയുടെ ജോലിഭാരം കുയ്ക്കുന്നത് സംബന്ധിച്ച തീരുമാനം

41 [2527] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ രാജു എബ്രഹാം:
„ പി. ജയരാജൻ:
„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതു സംബന്ധിച്ച് തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്യൂട്ടിസമയം 8 മണിക്കൂറായി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പോലീസ് സേനയ്ക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) ഉണ്ട്. പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 57 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമയം ആക്കിക്കൊണ്ട് 30-6-2004-ലെ ജി.ഒ. (എം.എസ്.) 232/04/ ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് 30-6-2004-ലെ ജി.ഒ. (എം.എസ്.) 231/04/ആഭ്യന്തരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly